## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 822 10.06.2019-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, വി.ഡി.സതീശൻ<br>,, കെ.സി.ജോസഫ് :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടിയിൽ അമ്മമാർക്കും കുഞ്ഞുങ്ങൾക്കുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടും ശിശുമരണം തുടരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) | തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് അട്ടപ്പാടിയിൽ പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീട്ടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന മരണ കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.<br><br>2016-ൽ 8 ഉം 2017-ൽ 14 ഉം 2018-ൽ 13 ഉം 2019-ൽ 2 ഉം ശിശുമരണങ്ങളാണുണ്ടായിട്ടുള്ളത്. ഈ മരണങ്ങളെല്ലാം തന്നെ പോഷകാഹാരക്കുറവു മൂലമല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം കാരണമോ ആണ് സംഭവിച്ചിട്ടുള്ളത്.<br><br>ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ എത്ര ശിശുമരണമുണ്ടായി; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അട്ടപ്പാടിയിൽ ആകെ 34 ശിശുമരണങ്ങളാണ് ഉണ്ടായിട്ടുള്ളത്.<br>2016 - 5<br>2017 - 14<br>2018 - 13<br>2019 - 2<br>---------------------<br>**ആകെ - 34**<br>--------------------- |

| | | | |
|---|---|---|---|
| സി) | അസ്വാഭാവിക ശിശുമരണം ഉണ്ടാകുന്ന സാഹചര്യത്തിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | ജല്ലിപ്പാറ ഓന്തമലയിൽ കുമാരൻ-ചിത്ര ദമ്പതികളുടെ 40 ദിവസം പ്രായമുള്ള കുഞ്ഞ് മേയ് മാസം മരണമടഞ്ഞതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; | ഡി) | പ്രാഥമിക പരിശോധനയിൽ മരണ കാരണം കണ്ടെത്താൻ സാധിച്ചിട്ടില്ല. കൂടുതൽ വിവരങ്ങൾക്കായി പാലക്കാട് ജില്ലാ ആശുപത്രിയിൽ പോസ്റ്റ് മോർട്ടം നടത്തുകയും സാമ്പിളുകൾ ഫോറൻസിക് പരിശോധനക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| ഇ) | കുഞ്ഞിന് സമയത്ത് ചികിത്സ ലഭിക്കാത്തതാണ് മരണകാരണം എന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയത് എന്താണെന്നു വെളിപ്പെടുത്തുമോ? | ഇ) | മുലയൂട്ടുന്ന അമ്മമാരുടെയും നവജാത ശിശുക്കളുടെയും പ്രത്യേക പരിചരണത്തിനായി 2018-19 വർഷം അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസ് മുഖേന നടപ്പിലാക്കിയ വാത്സല്യ സ്പർശം പ്രവർത്തകയും ഊര് പ്രമോട്ടറും കുമാരൻ/ചിത്ര ദമ്പതിമാരെ സന്ദർശിക്കുകയും ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുകയും ചെയ്തിരുന്നു. തലേ ദിവസം രാത്രി മുലപ്പാൽ കുടിച്ച് ഉറങ്ങിയ കുട്ടിയെ രാവിലെ മൂക്കിൽ നിന്നും രക്തസ്രാവം ഉള്ളതായി കണ്ടതിനെ തുടർന്ന് കോട്ടത്തറ ജി.ടി.എസ്.എച്ച് ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. ഡോക്ടറുടെ പരിശോധനയിൽ കുഞ്ഞ് മണിക്കൂറുകൾക്ക് മുൻപേ മരണപ്പെട്ടതായി ബോധ്യപ്പെട്ടിരുന്നു. ഇതേ തുടർന്ന് പോസ്റ്റ് മോർട്ടം ചെയ്യുന്നതിനായി പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് അയയ്ക്കുകയും ചെയ്തു. പ്രാഥമിക അന്വേഷണത്തിൽ യഥാസമയം ചികിത്സ ലഭിക്കാത്തതല്ല മരണ കാരണമെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**